ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ

54 (1108) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ സ്കൂളുകളിൽ കോമേഴ്സ് അദ്ധ്യാപകരുടെ (ജൂനിയർ & സീനിയർ) എത്ര ഒഴിവുകൾ ഇതുവരെ പബ്ലിക് സർവീസ് കമ്മീഷനു റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചത് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് എത്ര പേർക്ക് നിയമന ശിപാർശ നടത്തുവാൻ പബ്ലിക് സർവീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ കൊമേഴ്സ് (സീനിയർ) തസ്തികയിലെ 32 ഒഴിവുകളും ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ കോമേഴ്സ് (ജൂനിയർ) തസ്തികയിലെ 357 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ കൊമേഴ്സ് (സീനിയർ) തസ്തികയിലെ 21 ഒഴിവുകൾ ഇതുവരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ കൊമേഴ്സ് വിഷയത്തിൽ ജൂനിയർ അദ്ധ്യാപക തസ്തിക നിലവിലില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിലെല്ലാം നിയമന ശിപാർശ നൽകുന്നത് പി.എസ്.സി.-വഴിയാണ്.

പാഠ്യപദ്ധതിയിൽ സാമൂഹ്യ സേവനം ഉൾപ്പെടുത്തുന്നതിനു നടപടികൾ

55 (1109) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യസേവനം ഏതെങ്കിലും തലത്തിൽ സംസ്ഥാനത്തെ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) വിദ്യാർത്ഥികളിൽ സാമൂഹ്യ സേവനാവബോധം ഉണ്ടാക്കുന്നതിനായി സ്കൂൾതലം മുതൽ പാഠ്യപദ്ധതിയിൽ സാമൂഹ്യസേവനം ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly